"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ്- കില കിഫ്ബി പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റിൽ റീജിയണൽ മാനേജർ തസ്തികയിൽ സേവനമനുഷ്ഠിച്ചുവരുന്ന തദ്ദേശ സ്വയംഭരണ വകുപ്പ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീമതി.ചിത്ര.യു.വിയുടെ അന്യത്ര സേവന കാലാവധി ദീർഘിപ്പിച്ച് നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(ഐബി)വകുപ്പ്**

G.O.(Rt)No.1460/2025/LSGD തീയതി,തിരുവനന്തപുരം, 13-06-2025

---

പരാമർശം:-

1. സർക്കുലർ നം. 42/2013/ധന. തീയതി. 10.05.2013
2. സ.ഉ(സാധാ)നം.580/2013/ധന. തീയതി 28.11.2013
3. സ.ഉ(സാധാ)നം.790/2023/തസ്വഭവ തീയതി.31.03.2023
4. സ.ഉ(സാധാ)നം.1320/2024/തസ്വഭവ തീയതി.20.07.2024
5. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 05.03.2025 തീയതിയിലെ LSGD/PD/12853/2024-DEA5 നമ്പർ കത്ത്.
6. കില ഡയറക്ടർ ജനറലിന്റെ 11.03.2025, 18.04.2025 എന്നീ തീയതികളിലെ 2023/2886/HQ നമ്പർ കത്തുകൾ.

**ഉത്തരവ്**

പരാമർശം(3) പ്രകാരം കില കിഫ്ബി പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റിൽ റീജിയണൽ മാനേജർ(ടെക്നിക്കൽ) തസ്തികയിൽ അന്യത്ര സേവനവ്യവസ്ഥയിൽ നിയമിതയായ തദ്ദേശ സ്വയംഭരണ വകുപ്പ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീമതി. ചിത്ര.യു.വിയുടെ അന്യത്ര സേവന കാലാവധി 31.03.2024-ന് അവസാനിച്ചതിനെത്തുടർന്ന് പരാമർശം (4) പ്രകാരം 01.04.2024 തീയതി മുതൽ ഒരു വർഷത്തേയ്ക്കു കൂടി അന്യത്ര സേവനകാലവാധി ദീർഘിപ്പിച്ചു നൽകി ഉത്തരവായിരുന്നു. ടിയാളുടെ അന്യത്ര സേവന കാലവാധി 31.03.2025-ൽ അവസാനിക്കുന്നതിനാൽ 01.04.2025 മുതൽ അന്യത്ര സേവന കാലാവധി ദീർഘിപ്പിച്ചു നൽകുന്നതിന് ശ്രീമതി.ചിത്ര യു വി അപേക്ഷ സമർപ്പിച്ചിട്ടുണ്ടെന്നും ആയതിന് സർക്കാർ അനുമതി നൽകണമെന്നും പരാമർശം (6) പ്രകാരം കില ഡയറക്ടർ ജനറൽ അഭ്യർത്ഥിച്ചിട്ടുണ്ട്. ടിയാളുടെ അന്യത്ര സേവന കാലാവധി ദീർഘിപ്പിച്ചു നൽകുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പിന് എതിർപ്പില്ലായെന്ന് പരാമർശം(5) പ്രകാരം പ്രിൻസിപ്പൽ ഡയറക്ടറും അറിയിച്ചിട്ടുണ്ട്.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അതിന്റെ അടിസ്ഥാനത്തിൽ തദ്ദേശ സ്വയംഭരണ വകുപ്പിലെ എക്സിക്യൂട്ടീവ് എഞ്ചിനീയറായ ശ്രീമതി.ചിത്ര യു വിയുടെ, കില കിഫ്ബി

പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റിൽ റീജിയണൽ മാനേജർ(ടെക്നിക്കൽ) തസ്തികയിൽ, നിലവിലെ അന്യത്ര സേവന കാലാവധി നിലവിലെ വ്യവസ്ഥകൾക്കും കെ എസ് ആർ ഭാഗം-1 ചട്ടം 140(സി)യിലെ നിബന്ധനകൾക്കും വിധേയമായി 01.04.2025 മുതൽ ഒരു വർഷത്തേയ്ക്ക് കൂടി ദീർഘിപ്പിച്ച് നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
DR MANJU K
UNDER SECRETARY

ശ്രീമതി.ചിത്ര യു വി, മാനേജർ(ടെക്നിക്കൽ), കില കിഫ്ബി പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ്(ചീഫ് എഞ്ചിനീയർ തദ്ദേശ സ്വയംഭരണ വകുപ്പ് മുഖേന)
പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്
ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
ഡയറക്ടർ ജനറൽ,കില,തൃശ്ശൂർ
അക്കൗണ്ടന്റ് ജനറൽ(എ&ഇ),കേരള,തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ഇ&ആർഎസ്എ/ജി&എസ്എസ്എ),കേരള,തിരുവനന്തപുരം
ഐ&പി ആർ(വെബ് & ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Dipukumar S L
Date: 13-06-2025 12:55:29
സെക്ഷൻ ഓഫീസർ